Press Release(Malayalam) of File DOA/A5/488/2025 Approved by Deputy Registrar (DOA) on 31-Jul-2026 04:22 PM - Page 1

**KANNUR UNIVERSITY**
കണ്ണൂർ സർവകലാശാല

**(ഡി ഒ എ )**

ഡി ഒ എ /A5/488/2025 തീയതി: 31.07.2026

**പ്രസിദ്ധീകരണത്തിന്**

കേരളത്തിന് അകത്തും പുറത്തുമായി സ്ഥിതി ചെയ്യുന്ന സർവകലാശാലകളിൽ നിലവിൽ പഠനം തുടരുന്ന 3, 5 സെമസ്റ്റർ വിദ്യാർത്ഥികൾക്ക് കണ്ണൂർ സർവകലാശാല പഠന വകുപ്പുകളിലേക്കും സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലേക്കും 3, 5 സെമെസ്റ്ററുകളിൽ സർവകലാശാല മാറ്റം ആഗ്രഹിക്കുന്ന പക്ഷം **2026 ആഗസ്റ്റ് 10** നുള്ളിൽ കണ്ണൂർ സർവകലാശാല രജിസ്ട്രാർ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

മൂന്നാം സെമസ്റ്റർ ആണെങ്കിൽ ഒന്നും, രണ്ടും സെമെസ്റ്ററുകൾ വിജയകരമായി പൂർത്തീകരിക്കണം. അഞ്ചാം സെമസ്റ്റർ ആണെങ്കിൽ മൂന്നും, നാലും സെമെസ്റ്ററുകൾ വിജയകരമായി പൂർത്തീകരിക്കണം മാർക്ക് ലിസ്റ്റിൻറെ സ്വയം സാക്ഷ്യപെടുത്തിയ പകർപ്പ് , അതാത് സർവ്വകലാശാല രജിസ്ട്രാർ സാക്ഷ്യപെടുത്തിയ സിലബസിൻറെ പകർപ്പ്, **കേരളത്തിനകത്തെ സർവകലാശാല മാറ്റമാണെങ്കിൽ ഫീ ഇനത്തിൽ 600 രൂപയും, കേരളത്തിന് പുറത്തെ സർവകലാശാല മാറ്റമാണെങ്കിൽ ഫീ ഇനത്തിൽ 1000 രൂപയും** സർവകലാശാല ഫിനാൻസ് ഓഫീസറുടെ പേരിൽ ഒടുക്കിയ രശീതി എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

റാഗിങ് തുടങ്ങിയ മോശം പ്രവണതകളിൽ വിദ്യാർത്ഥി ഉൾപെട്ടിട്ടില്ല എന്ന് കോളേജ് പ്രിൻസിപ്പൽ / ടീച്ചിങ് ഡിപ്പാർട്ടമെന്റ് തലവൻ നൽകുന്ന സാക്ഷ്യപത്രം കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.

സംശയ നിവാരണത്തിനായി 0497-2715-227 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്

ഒപ്പ്/-
Deputy Registrar (DOA)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1.പി ആർ ഒ

2.വെബ് മാനേജർ

3.ഐ ടി ഡയറക്ടർ

4.എൻക്വയറി

Press Release(Malayalam) of File DOA/A5/488/2025 Approved by Deputy Registrar (DOA) on 31-Jul-2026 04:22 PM - Page 2